# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1641 25.03.2013-ൽ മറുപടിയ്ക്ക്

## പൊതുഭരണം

<table>
<tr><th colspan="2"><u>ചോദ്യം</u><br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>,, വർക്കല കഹാർ<br>,, ആർ. സെൽവരാജ്<br>,, എം. പി. വിൻസെന്റ്</th><th><u>ഉത്തരം</u><br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ പൊതുഭരണത്തിൽ പരിപൂർണ്ണമായ വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;</td><td rowspan="3"><u>(എ) യും (ബി) യും (സി) യും</u><br>സംസ്ഥാനത്തെ പൊതുഭരണത്തിൽ പരിപൂർണ്ണമായ വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് വിവരാവകാശ നിയമം ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതോടൊപ്പം വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തി വരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങിക്കഴിഞ്ഞു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനും സുതാര്യതയും, കാര്യക്ഷമതയും, വേഗതയും വർദ്ധിപ്പിക്കുന്നതിനായി കേരളത്തെ ഇ-ഗവേണൻസിലൂടെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സർക്കാർ സംബന്ധമായ എല്ലാ അപേക്ഷകളും ഇടപാടുകളും ഇ-മെയിലിലൂടെ നടത്താൻ സൗകര്യമൊരുക്കും എന്നും പ്രഖ്യാപിച്ചിട്ടുണ്ട്. 2013 ഡിസംബറിന് മുൻപ് എല്ലാ പഞ്ചായത്തുകളിലും ഒപ്റ്റിക്കൽ</td></tr>
<tr><td>(ബി)</td><td>ഈ ലക്ഷ്യം നിറവേറ്റുന്നതിനായി ഒരു പേഴ്സണൽ പോളിസി രൂപീകരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;</td></tr>
<tr><td>(സി)</td><td>ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?</td></tr>
</table>

| | | |
|---|---|---|
| | | ഫൈബർ ബ്രോഡ്ബാന്റും 4-ജിയും ലഭ്യമാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ക്ഷേമ പെൻഷനുകളും സ്കോളർഷിപ്പുകളും ആധാർ കാർഡുമായി ബന്ധിപ്പിച്ച് അടുത്ത ഏപ്രിൽ ഒന്നു മുതൽ ബാങ്കിലൂടെ വിതരണം ചെയ്യാനും തീരുമാനമെടുത്തിട്ടുണ്ട്. സർക്കാർ ഓഫീസിൽ നിന്നുള്ള പന്ത്രണ്ടോളം വിവിധ തരം സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി 10 ജില്ലകളിൽ കൂടി (2013 മാർച്ച് 31-നു മുൻപ്) നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പാലക്കാട്, കണ്ണൂർ ജില്ലകളിൽ ഇത് ഇതിനോടകം നടപ്പാക്കി വിജയകരമായി പ്രവർത്തിച്ചുവരുന്നുണ്ട്. കോട്ടയം, മലപ്പുറം ജില്ലകളിൽ നടപ്പാക്കിവരുന്നു.<br><br>2012 നവംബർ 1 മുതൽ കേരളത്തിൽ നിലവിൽ വന്ന സേവനാവകാശ നിയമം പൊതുജനങ്ങൾക്കുള്ള സമയബന്ധിത സേവനം ഉറപ്പു വരുത്തുന്നു. |

സെക്ഷൻ ഓഫീസർ